**പതിനാലാം കേരള നിയമസഭ**

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.6129 02.04.2018-ലെ മറുപടിയ്ക്ക്

## സിവിൽ സർവ്വീസസ് ടൂർണമെന്റിൽ നേട്ടം കൈവരിക്കുന്നവർക്കുള്ള ആനുകൂല്യങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.വി.ആർ. സുനിൽ കുമാർ** | | **ശ്രീ.എ.സി.മൊയ്തീൻ**<br>ബഹു.വ്യവസായവും വാണിജ്യവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി | |
| (എ) | സിവിൽ സർവ്വീസസ് ടൂർണമെന്റിൽ നേട്ടം കൈവരിക്കുന്നവർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | സിവിൽ സർവ്വീസസ് ടൂർണമെന്റിൽ 1,2,3 സ്ഥാനങ്ങളിൽ നേട്ടം കൈവരിക്കുന്ന ജീവനക്കാർക്ക് യഥാക്രമം 5000, 3000, 1500 രൂപ ക്യാഷ് അവാർഡ് നൽകി വരുന്നു. കൂടാതെ സിവിൽ സർവ്വീസസ് ടീർണമെന്റിൽ പങ്കെടുക്കുന്ന ജീവനക്കാർക്ക് കിറ്റ് അലവൻസിനായി 750/-രൂപയും ഡയറ്റ് അലവൻസായി ദിവസേന 250/-രൂപ വീതവും അനുവദിക്കുന്നുണ്ട്. |
| (ബി) | മാസ്റ്റേഴ്സ് അത് ലറ്റിക്സ് മത്സരങ്ങളിൽ നേട്ടം കൈവരിക്കുന്ന ജീവനക്കാർക്ക് യാതൊരു അംഗീകാരമോ ആനുകൂല്യമോ നൽകുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | (ബി), (സി), & (ഡി) | മാസ്റ്റേഴ്സ് അത്ലറ്റിക്സ് മത്സരങ്ങളിൽ പങ്കെടുക്കുന്നതുമായി ബന്ധപ്പെട്ട് ലഭിച്ച അപേക്ഷകൾ സർക്കാരിന്റെ പരിഗണനയിലാണ്. |
| (സി) | സ്വന്തം ചെലവിലാണ് പ്രസ്തുത മത്സരങ്ങളിൽ പങ്കെടുക്കുന്നതെന്നു പരിഗണിച്ച്, സ്പെയിനിൽ നടക്കുന്ന ലോക മാസ്റ്റേഴ്സ് അത് ലറ്റിക്സ് മീറ്റിൽ ഇന്ത്യയെ പ്രതിനിധീകരിക്കുന്ന സംസ്ഥാന സർക്കാർ ജീവനക്കാർക്ക് ചെലവുൾപ്പെടെയുള്ള സാമ്പത്തികാനുകൂല്യം നൽകുമോ; | | |

| | | | |
|---|---|---|---|
| (ഡി) | സംസ്ഥാന-ദേശീയ മത്സരങ്ങളിൽ നേട്ടം കൈവരിച്ച് ലോക മത്സരങ്ങളിൽ യോഗ്യത നേടി ഇന്ത്യയെ പ്രതിനിധീകരിക്കുന്ന ജീവനക്കാർക്ക് സർവ്വീസാനുകൂല്യങ്ങളുൾപ്പെടെയുള്ള അംഗീകാരം നൽകുന്നതിന് നടപടി സ്വീകരിക്കുമോ; | | |
| (ഇ) | ലോക പഞ്ചഗുസ്തി മത്സരത്തിൽ പങ്കെടുത്ത് നേട്ടം കൈവരിച്ച ജീവനക്കാർക്ക് എന്തെങ്കിലും സർവീസ് ആനുകൂല്യങ്ങൾ(പ്രമോഷൻ, ഇൻക്രിമെൻറ് ഉൾപ്പെടെയുള്ളവ) നൽകുന്നുണ്ടോ; ഇല്ലെങ്കിൽ നല്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (ഇ) | നിലവിൽ പരിഗണനയിലില്ല. |

**സെക്ഷൻ ഓഫീസർ**